# ഇനി ഭീകരതയുടെ വംശീയ പരിശോധന

**അബ്ദുൽ** മുത്തലിബ് എന്ന നൈജീരിയൻ സ്വദേശി അമേരിക്കൻ വിമാനത്തിൽ ബോംബുമായി കയറിയ ദുരൂഹ സംഭവത്തിന്റെ മറവിൽ ഭീകരതയെ മതവുമായി നേർക്കു നേരെ ബന്ധപ്പെടുത്തുന്ന ഒരു നിയമത്തിന് അമേരിക്കൻ സെനറ്റ് അനുമതി നൽകിയത് അധികമാരുടെയും ശ്രദ്ധയിൽ പെട്ടില്ല. വിമാനയാത്രക്കാരുടെ വംശീയത നോക്കി പട്ടിക തയാറാക്കാനും അവരെ സവിശേഷ പരിശോധനക്ക് വിധേയമാക്കാനും അമേരിക്കൻ വിമാനത്താവളങ്ങളിലെ ഉദ്യോഗസ്ഥർക്ക് അനുമതി നൽകുന്നതാണ് പുതിയ നിയമം. വംശീയത എന്നു വളച്ചൊടിച്ചു പറയുന്നത് മറ്റൊന്നിനെയുമല്ല മുസ്ലിംകളെ ഉദ്ദേശിച്ചു തന്നെയാണ്. നിയമത്തെ കുറിച്ച ചർച്ചകൾ പൊടിപൊടിക്കുന്നതിനിടെ *ഫോക്സ്* ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ട മുൻ അമേരിക്കൻ സൈനിക ജനറൽ തോമസ് മക്കിനേനി അഭിപ്രായപ്പെട്ടത്, 18നും 30നും മധ്യേ പ്രായമുള്ള മുഴുവൻ മുസ്ലിംകളെയും അറബ് വംശജരെയും അടിവസ്ത്രമടക്കം അഴിച്ചു പരിശോധിക്കണമെന്നാണ്. ഇല്ലെങ്കിൽ അമേരിക്കക്ക് തങ്ങളുടെ വിമാനങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുമെന്നും അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. അവിടത്തെ തൊഗാഡിയയോ കുമ്മനമോ ആയിരിക്കാം ഈ മക്കിനാനിയെങ്കിലും അമേരിക്കയിലെ ഏറ്റവും പ്രമുഖമായ ചാനലുകളിലൊന്നിലാണ് ഈ അഭിപ്രായ പ്രകടനം നടന്നതെന്നോർക്കുക. 'ഷഡ്ഡി അഴിക്കുന്നത് ഇച്ചിരി കടുപ്പ'മാണെന്ന് മൊഴിഞ്ഞ് ചർച്ച 'സന്തുലിതമാക്കി' എന്നതൊഴിച്ചാൽ ഭീകരത പടർത്തുന്നത് ചെറുപ്പക്കാരായ മുസ്ലിംകളാണ് എന്ന വിഷയത്തിൽ ഒരു തർക്കവും ചാനലിന്റെ അവതാരക പ്രകടിപ്പിക്കുന്നുണ്ടായിരുന്നില്ല.

അബ്ദുൽ മുത്തലിബ് നൈജീരിയക്കാരനാണെങ്കിലും അയാളെ 'ഭീകരത' പഠിപ്പിച്ചത് അൽഖാഇദയുടെ യമൻ ഘടകമാണെന്നാണ് ബറാക് ഒബാമ കുറ്റപ്പെടുത്തുന്നത്. പ്രസിഡന്റ് നേരിട്ട് 'കാര്യം' പറഞ്ഞ സ്ഥിതിക്ക് സ്വാഭാവികമായും യമൻ എന്ന രാജ്യത്തിനെതിരെ സൈനിക നടപടി അനിവാര്യമായി മാറും. മധ്യപൗരസ്ത്യ ദേശത്തെ അടുത്ത ലക്ഷ്യസ്ഥാനമായി യമൻ നിശ്ചയിക്കപ്പെട്ടു കഴിഞ്ഞിട്ട് ഏതാനും വർഷങ്ങളായി. ഏറ്റവുമൊടുവിൽ ഹിലരി ക്ലിന്റൻ നടത്തിയ പ്രസ്താവനയാണ് ഈ രാജ്യത്തെ അമേരിക്ക ഏതു സമയത്തും അക്രമിച്ചേക്കുമെന്ന സൂചന നൽകുന്നത്. മുത്തലിബ് ഇടക്കാലത്ത് യമനിൽ പോയിരുന്നു എന്ന ഏക വസ്തുത മാറ്റിവെച്ചാൽ ഒബാമയുടെ ശേഷിച്ച മുഴുവൻ വാക്കുകളും ബുഷ് ഭരണകൂടം പ്രതീകവൽക്കരിച്ച പതിവ് സംശയരോഗം മാത്രമാണ്. ഇറാനും ഇസ്രയേലിനുമിടയിൽ മധ്യപൗരസ്ത്യദേശത്തെ മറ്റൊരു രാജ്യം കൂടി കൈയടക്കാനുള്ള ഞൊണ്ടിന്യായം. ഇരിക്കട്ടെ, യമനിൽ 200ഓളം പേരടങ്ങുന്ന പുതിയ ഒരു അൽഖാഇദ രൂപംകൊണ്ടിട്ടുണ്ട് എന്ന് സമ്മതിക്കുക. 'ഭീകരതക്കെതിരെയുള്ള പോരാട്ട'ത്തിൽ പാകിസ്താൻ കഴിഞ്ഞാൽ അമേരിക്ക ഏറ്റവുമധികം 'സഹായം' കൊടുത്ത രാജ്യമാണ് യമൻ എന്നതു മറക്കരുത്. കഴിഞ്ഞ വർഷം

64 ദശലക്ഷം ഡോളറാണ് ഈ ഇനത്തിൽ അവർ കൈപ്പറ്റിയത്. ഈ സഹായം കൊടുക്കുന്നതിന് മുമ്പുള്ള കാലത്ത് ഇത്രയും 'അൽഖാഇദക്കാർ' യമനിൽ ഉണ്ടായിരുന്നോ എന്നതല്ലേ യഥാർഥ ചോദ്യം? ഒരു സംഘം 'ഇസ്‌ലാമിക ഭീകരർ' 2008ൽ അമേരിക്കൻ എംബസിക്കു നേരെ നടത്തിയ ആക്രമണമൊഴിച്ചാൽ ഈ രാജ്യത്ത് ഇങ്ങനെയൊരു ഏർപ്പാട് കേട്ടുകേൾവി പോലും ഉണ്ടായിരുന്നില്ല. ഈ ആക്രമണത്തിന്റെ പിന്നിൽ പ്രവർത്തിച്ചവരുടെ പേരു വിവരങ്ങളും അവർക്ക് മൊസാദുമായുള്ള ബന്ധവും തെളിവുകൾ സഹിതം യമൻ പ്രസിഡന്റ് പുറത്തുവിട്ടതോടെ 'അൽഖാഇദ' തൽക്കാലത്തേക്ക് അടങ്ങുകയാണുണ്ടായത്. അതേ ആരോപണമാണ് വീണ്ടും പൊടിതട്ടി പുറത്തെടുക്കുന്നത്. അമേരിക്കൻ സഹായം കൂടി വരുന്നതിനനുസരിച്ച് ഭീകരതയല്ലേ വർധിക്കുന്നത്! അമേരിക്ക പാകിസ്താനെ 'ഭീകര വിരുദ്ധ യുദ്ധത്തിൽ' സഹായിക്കാൻ തുടങ്ങുന്ന കാലത്ത്, അതായത് ഏറിയാൽ പത്ത് വർഷം മുമ്പുള്ള കാലത്ത് അഫ്ഗാനിസ്താനിൽ പോലും ഭീകരാക്രമണം നടക്കുന്നുണ്ടായിരുന്നില്ല. ഇന്ത്യ ഈ കെണിയിൽ തലവെക്കുന്ന കാലത്ത് ഇവിടത്തെ ചിത്രവും മറ്റൊന്നായിരുന്നില്ല.

അമേരിക്കൻ വിമാനത്തിലെ യാത്രക്കാരെ മുത്ത്വലിബ് കൊല്ലാൻ ശ്രമിച്ചു എന്നതു പോലും അമേരിക്കയുടെ ആരോപണം മാത്രമാണ്. നടക്കാതെ പോയ ആ സംഭവത്തിന്റെ യാഥാർഥ്യം എന്തായിരുന്നുവെന്ന് ഇന്നും ലോകത്തിനറിയില്ല. തന്റെ മകൻ അമേരിക്കയിലേക്കു പോകുന്നുണ്ടെന്നും അവനെ ശ്രദ്ധിക്കണമെന്നും ഈയിടെയായി അവന്റെ പെരുമാറ്റത്തിൽ അസ്വാഭാവികമായ പലതുമുണ്ടെന്നും മുത്ത്വലിബിന്റെ പിതാവ് നൈജീരിയയിലെ അമേരിക്കൻ കാര്യാലയത്തിൽ എഴുതി നൽകിയതായാണ് ഒടുവിൽ പുറത്തുവന്ന വിവരം. എന്നിട്ടും സ്ഫോടകവസ്തുക്കളുമായി അബ്ദുൽ മുത്ത്വലിബ് വിമാനത്തിൽ കയറിപ്പറ്റുക തന്നെ ചെയ്തു! ഈ സംഭവം മറ്റൊരു നാടകമാണെന്ന് സംശയിക്കാവുന്ന തെളിവുകളാണ് ഒടുവിൽ പുറത്തുവരുന്നത്. നന്നായി വസ്ത്രം ധരിച്ച ഇന്ത്യക്കാരനായ ഒരാൾ മുത്തലിബിനെ സഹായിക്കാൻ ലോബിയിൽ രംഗത്തുണ്ടായിരുന്നുവെന്ന് വിമാന യാത്രക്കാരനായിരുന്ന കുർട്ട് ഹാസ്കലിനെ ഉദ്ധരിച്ച് സി.എൻ.എൻ പുറത്തുവിട്ട വാർത്തയിലുണ്ട്. (http://www.truthnews.us) പരസ്പരം ചേർച്ചയില്ലാത്ത ഈ കൂട്ടുകെട്ട് സ്വാഭാവികമായും ആകർഷിച്ചതു കൊണ്ടാണ് താൻ അവരെ സൂക്ഷ്മമായി നിരീക്ഷിച്ചതെന്നും ഹാസ്കൽ പറഞ്ഞു. ഡെട്രോയിറ്റ് വിമാനത്തിൽ നടന്ന സംഭവം അമേരിക്കൻ രഹസ്യാന്വേഷണ വകുപ്പിന്റെ ഒരു 'മോക്ക് ഡ്രിൽ' ആയിരിക്കാനിടയുണ്ടെന്ന് യുദ്ധവെറിയൻമാരുടെ ജിഹ്വയായ *സി.എൻ.എന്നി*ന് പോലും ഒടുവിൽ സമ്മതിക്കേണ്ടിവന്നു.

കാമറാമാൻ വിമാനത്തിനകത്ത് തന്നെ ഉണ്ടായിരുന്നു. സ്ഫോടനശ്രമം നടക്കുമ്പോൾ ഇയാൾ മാത്രമായിരുന്നു എഴുന്നേറ്റു നിന്ന് ദൃശ്യങ്ങൾ പകർത്തുന്നുണ്ടായിരുന്നത്. എന്തായിരുന്നു ഇയാളുടെ നീക്കങ്ങളുടെ പ്രചോദനം? തകർക്കണമെന്ന ഉദ്ദേശ്യത്തോടെയല്ല ഈ മുഴുവൻ നാടകവും നടന്നതെന്ന് വ്യക്തം. താൻ രക്ഷപ്പെടാനിടയില്ലെന്ന് ഉറപ്പുള്ള ഒരു പരിപാടിക്ക് ക്യാമറക്കാരനെ എവിടെനിന്നു കിട്ടാൻ? വിമാനത്തെയല്ല യമനെയാണ് യഥാർഥത്തിൽ മുത്ത്വലിബ് തന്റെ യജമാനൻമാർക്കു വേണ്ടി ലക്ഷ്യമിട്ടതെന്ന് ചുരുക്കം. ബുഷ് പറയുന്ന ന്യായത്തിൽ 'കൂട്ട നശീകരണായുധം' പോലുള്ള കേട്ടാൽ ഞെട്ടുന്ന ചിലതെങ്കിലും ഉണ്ടായിരുന്നു. 200 അൽഖാഇദക്കാർ ഉണ്ടെങ്കിൽ രണ്ടര കോടി ജനങ്ങളുള്ള ഒരു രാജ്യത്തെ ആക്രമിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യുന്ന ഒബാമയുടെ അമേരിക്ക എന്ത് മാറ്റമാണ് ബുഷിന്റെ കാലത്തെ അപേക്ഷിച്ച് കൊണ്ടുവരുന്നത്? ഇതിനാണോ ഇങ്ങോർക്ക് നോബൽ നൽകിയത്? ■